## ജി. എച്ച്. എസ്. എസ്. ബളാംതോട്




**2019-2020**

**L K-12023**

അരുൺ.എസ്.നായർ (കവർ പേജ് ഡിസൈനിംഗ്)

## എഡിറ്റോറിയൽ അംഗങ്ങൾ

മാളവിക ബിനു (ചീഫ് എഡിറ്റർ)

അഭിനന്ദ ബി.കെ ( സബ് എഡിറ്റർ)

## കമ്മിറ്റി അംഗങ്ങൾ

ആർച്ച സിബി

അഭിജിത്ത് ഉമേശ്

മുഹമ്മദ് റിസ്വാൻ

സെൽന സാബു

ശ്വേത വേണുഗോപാൽ

## ലിറ്റിൽ കൈറ്റ്സ് അധ്യാപകർ

ബാബു.ബി.സി

നിഷ .കെ

# ജി.എച്ച്. എസ്.എസ് ബളാംതോട് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

- ആർച്ച സിബി
- അനന്യ മോൾ റെജി
- അനിറ്റ് റോസ് ബിജു
- മരിയ വിൽസൺ
- അനുരാജ് .എസ്
- ഹരികൃഷ്ണൻ കെ .വി
- ടിൻസ് ജോസഫ്
- അഭിജിത്ത് ഉമേശ്
- അഖില ബിന്ദു
- സെൽന സാബു
- ശ്രീലേഖ .ആർ
- ജുറൈജ്. എം
- അമൃതേശ്
- അഖില പി. ജി
- ശ്വേത വേണുഗോപാൽ
- മാളവിക ബിന്ദു
- അനിൽ എം. എം
- അനൂപ് പി. ഡി
- ഗോകുൽ കൃഷ്ണൻ. ടി
- അഭിനന്ദ ബി.കെ
- നിരഞ്ജന കെ.എസ്
- മുഹമ്മദ് റിസ്വാൻ
- അക്ഷിത് പി. എൻ
- രാഗിണി . കെ

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# സ്കൂൾ അസംബ്ലി



# നമ്മുടെ വിദ്യാലയം






# *"എന്റെ ജീവിതമാണ് എന്റെ സന്ദേശം"*



"ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം

നമ്മുടെ ഉറക്കം നഷ്ടപെടുത്തുന്നതാണ്

യഥാർത്ഥ സ്വപ്നം."

എ.പി.ജെ .അബ്ദുൾ കലാം.

# ആശംസ




ബളാംതോട് ഗവ ഹയർ സെക്കണ്ടറി സ്ക്കൂൾ ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.ഒപ്പം മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

പി.എം.കുര്യാക്കോസ്

*പി.ടി.എ.പ്രസിഡന്റ്*

# ആശംസ





ആശംസ

ബളാംതോട് ഗവ. ഹയർസെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് 'ജാലകം' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്ന വിവരം അറിഞ്ഞതിൽ സന്തോഷമുണ്ട്. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനായുള്ള ഈ സദുദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

Panathady }
28-01-2020 }

GOVINDAN. M
PRINCIPAL
GHSS BALANTHODE (14019)
PANATHADY (P.O)
KASARAGOD Dt.- 671532

GOVT. HIGHER SECONDARY SCHOOL
KASARAGOD
14019
BALANTHODE

# ആശംസ



വിവരസാങ്കേതിക രംഗത്ത് പുത്തനറിവിന്റെ വിസ്മയം തീർക്കുന്ന കുട്ടി പ്രതിഭകളുടെ സർഗ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

രത്നാവതി.എ

ഹെഡ്മിസ്ട്രസ്

ജി. എച്ച്. എസ്. എസ്. ബളാംതോട്.

# ആശംസ



ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ ഏറെ ആകർഷകമായി തോന്നുന്നു. സർഗ്ഗാത്മകതയുടെ ജാലകം തുറക്കുന്ന ഈ പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്.സാങ്കേതിക വിദ്യയുടെ മികവ് ലക്ഷ്യമാക്കി പുറത്തിറക്കുന്ന മാഗസീന് സർവ്വവിധ മംഗളങ്ങളും.

സ്റ്റാഫ് സെക്രട്ടറി

പി. ശംഭുദാസ്

ജി. എച്ച്. എസ്. എസ്. ബളാംതോട്.

# ആശംസ




ബളാംതോട് ഗവ :ഹയർസെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ 'ജാലക'ത്തിന്റെ പിന്നിൽ പ്രവർത്തിച്ച മുഴവൻ അംഗങ്ങൾക്കും , സഹപ്രവർത്തകർക്കും അഭിനന്ദങ്ങൾ.

ജയ്മോൻ മാത്യൂ
സിനിയർ അസിസ്റ്റന്റ്
ജി.എച്ച്.എസ്.എസ് ബളാംതോട്

# ജാലകം

## താളുകളിലൂടെ


.....................................................................................................1
മേരിയുടെ ശരിയും തെറ്റും.....................................................................1
ഭാഷകൾ.......................................................................................................2
അനാഥമാകുന്ന മാതൃത്ത്വം.......................................................................3
എൻ അമ്മ സ്നേഹത്തിൻ ഉറവ്...............................................................4
LOOK CLOSELY AT ADOLESCENCE..........................................5
ഇരുപത്തിഒന്നാംനൂറ്റാണ്ടിലെ യുവജനം...............................................7
വിദ്യ...........................................................................................................9
സങ്കടത്തിൽലാണ്ടുപോയ കുട്ടി...........................................................10
വിധിയുടെ വിളയാട്ടം.............................................................................12
പൂക്കൾ......................................................................................................13
മൊഴി മലയാളം........................................................................................14
പ്രണയത്തിൻ നൊമ്പരം..........................................................................15
പെൺകിടാവിൻ അലർച്ച.......................................................................16
മായാത്ത പൊൻത്തിരിനാളം..................................................................17
മാതൃസ്നേഹം...........................................................................................18


ജി.എച്ച്.എസ്.എസ്.ബളാംതോട്

## മേരിയുടെ ശരിയും തെറ്റും

ഞാൻ വായിച്ച പുസ്തകങ്ങളിൽ എന്റെ മനസ്സിനെ പിടിച്ചടക്കാൻ സാധിച്ച ഒരു പുസ്തകമാണ് യു.കെ കുമാരന്റെ '**മേരിയുടെ ശരിയും തെറ്റും**' എന്ന നോവൽ.നാഗരികമായ ജീവിതത്തിലെ സങ്കീർണ്ണതകൾക്കു മുന്നിൽ നിസ്സഹായരായി പോകുന്നവരാണ് യു.കെ കുമാരന്റെ ഒട്ടുമിക്ക കഥാപാത്രങ്ങളും. മോഹവലയത്തിന്റേയും യാഥാർത്ഥ്യ ബോധത്തിന്റേയും നൂൽപ്പാലത്തിലൂടെ സഞ്ചരിച്ച് ഒടുവിൽ വിധിക്ക്കിഴടങ്ങുന്ന ഗ്രാമീണസ്വത്വം പേറുന്ന നാഗരികമനുഷ്യരുടെ സംസഘർഷജീവിതം തീക്ഷണവും നിരാഡംബരത്വവുമായ ശൈലിയിൽ ചിത്രീകരിക്കാനുള്ള യു.കെയുടെ മിടുക്ക് ഒന്ന് വേറെതന്നെയാണ്. ഈ വിധം മനുഷ്യനെ'പച്ചയ്ക്കു പറയുന്ന'രചന എന്ന നിലയിലാണ് മേരിയുടെ ശരിയും തെറ്റും 'നോവൽ വായനക്കാർക്ക് സമർപ്പിക്കുന്നത്.വളരെലളിതമായ രീതിയിൽ അവതരിപ്പിച്ച ഈ പുസ്കകം വളരെ മനോഹരമാണ്.

സീതാലക്ഷ്മി എം. ആർ

IX E

## അനാഥമാകുന്ന മാതൃത്വം

ഇറ്റിറ്റു വീഴുന്ന മഴത്തുള്ളികൾ ആ കവിൾതടങ്ങളിൽ തലോടുമ്പോഴേക്കും ആ അമ്മ തളർന്നിരുന്നു. എങ്ങോട്ടെന്നറിയാത്ത ആ യാത്രയിൽ അമ്മ ഏകയാണ്.ജിവിതത്തിൽ പ്രയാസങ്ങൾ നേരിടേണ്ടി വന്നപ്പോഴും മക്കൾക്കുവേണ്ടി അവ സധൈര്യം തരണം ചെയ്ത ആ കരുത്തുറ്റ സ്ത്രീ ഇന്ന് മക്കളുടെ ഒരിറ്റുസ്നേഹത്തിനായ് കൊതിക്കുകയാണ്.

മാസങ്ങളും വർഷങ്ങളും കടന്നുപോകുന്ന പോലെ തന്നെ മക്കൾക്ക് അമ്മയോടുള്ള സ്നേഹവും കുറഞ്ഞു.അത്അവർക്ക് താങ്ങാവുന്നതിലുമപ്പുറമായിരുന്നു. ആ ദിവസങ്ങളിൽ ആദ്യമായ് ആ അമ്മ തന്നെ തനിച്ചാക്കി ലോകത്തുനിന്നു വിട-പറഞ്ഞ അച്ഛനെ പഴിച്ചു.അച്ഛൻ മറഞ്ഞതിൽ പിന്നേ ഈ അമ്മയേ എന്തേ ഈ മക്കൾ മറന്നുപോയി. ജിവിതത്തിൽ മക്കൾ താങ്ങായ്നിൽക്കണമെന്ന ആ ചെറു സ്വപ്നം ബാക്കിയാക്കിയാണ് ആ അമ്മ ജിവിക്കുന്നത്.പലപ്പോഴായ് ജിവിതം മക്കൾക്കായി ഉഴിഞ്ഞുവച്ച മാതാപിതാക്കളുടെ പ്രതിരൂപമാണ് ഈ അമ്മ ഇവരെ സംരക്ഷിക്കേണ്ടത് നമ്മുടെ ചുമതലയാണ് . ഇനിയൊരിക്കലും അനാഥമാകരുത് നമ്മുക്ക് ലഭിച്ച മാതൃത്വം

അഭിനന്ദ.ബി.കെ
IX E


Krishna Driya. R.K

ജാലകം

# എൻ അമ്മ സ്നേഹത്തിൻ ഉറവ്

കളങ്കമില്ലാത്ത  സ്നേഹത്തിൻ
പര്യായമാണെൻ അമ്മ
ബാല്യത്തിൽ; അമ്മിഞ്ഞ
പ്പാലിൽ ചാലിച്ചു
നുകർന്നുവാ സ്നേഹം
എൻ നാവിലമ്മ.

അമ്മയിൻ സ്നേഹപാലാഴിയിൽ
ഞാൻ നീന്തിത്തുടിച്ചു ഉല്ലാസമാം.
ചെറുശാസനകളാൽ എൻ അമ്മ
എൻ ജീവിതം മധുരമാക്കി.
ആവോളം സ്നേഹം എനിക്കായ്
പകർന്നുവെൻ അമ്മ.

എങ്കിലോ ഞാൻ നോവിച്ച
ആ അമ്മമനസിനേ
ആ സ്നേഹ ഉറവിനെ
എങ്കിലും എന്നമ്മ പകർന്നു
സ്നേഹ മാർഗനിർദ്ദേശങ്ങൾ.
ഹൃദയത്തിൻ ഉള്ളറയിലെ
ആ അമ്മതൻ സ്നേഹം
എൻ മുന്നിൽ ജീവിത
വിജയമായി പ്രത്യക്ഷമായ്..

ഒരു മധുരമാം ജീവിത
വാതിൽ എൻ മുന്നിൽ
തുറക്കയായ്
ഈ നിമിഷമോ എൻ അമ്മേ
ഞാൻ നിന്നോടു പറയുകയാണ്

കണ്ണീരിൽ ചാലിച്ച ക്ഷമാപണം
ക്ഷമനൽക എന്നിലെ
ഓരോ തെറ്റിനും
"അമ്മേ ഞാൻ നിന്നെ
സ്നേഹിക്കുന്നു എൻ പ്രാണനോളം"

സെൽന സാബു
IxC

# LOOK CLOSELY AT ADOLESCENCE

Adolescents is a transitional stage of physical and physiological developments that generally occurs during the period from puberty to legal adulthood. Adolescence is usually associated with the teenage year but its physical, physiological or cultural expressions may begin yearly and end later for examine puberty now typically begins during preadolescence, particularly in females physical growth and cognitive development can extend into the early twenties. Thus, age provides only a rough marker of adolescence and scholars have found it difficult to agree upon a precise definition of adolescence.

A through understanding of adolescence in society depends on information from various perspectives including psychology, biology ,history sociology ,education and anthropology within all these perspective adolescence is viewed as a transitional period between childhood and adulthood whose cultural purpose is the preparation of children for adult roles it is a period of multiple transition involving education training, employment and unemployment as well as transitions from one living circumstance to another.

The end of adolescence and the beginning of adulthood varies by country fore than more, even within a single nation state or cultural there can be different ages at which an individual is considered mature enough for society to entrust them with certain privileges and responsibilities such privileges and responsibilities include driving a vehicles having legal sexual relation in the armed forces or on a jerry purchasing and drinking alcohol voting entering into contracts finishing certain levels of education marriage and accompanied by and increased independence allowed by the parents or legal guardian including less supervision as compared to preadolescence in studding adolescence development adolescence can be defined biologically as the physical transition marked by the honest of puberty and the termination of physical growth cognitively as changes in the abilities to think abstractly and multi

dimensionally or socially as a period of preparation for adult roles major pubertal and biological changes include changes to sex organ height weight and muscles mass as well as major changes in brain structure and organization cognitive advance encompass both increment n knowledge and in the ability to think abstractly and to reason more effectively the study of adolescent development often involves interdisciplinary collaboration for example researchers in neuroscience or be have health might focus on the acquisition of social roles and how this varies across culture or social condition developments physiologists might focus on changes in relation with parents and peers as a function of school structure and pubertal status some scientists have questioned the universality of adolescence as a developmental phase, that traits often considered typical of adolescence are not in fact to the teenage.

Malavika Binu
9E



# ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ യുവജനം

എന്തും ചെയ്യാൻ തയ്യാറാകുന്ന യുവജനങ്ങളുടെ ഒരു നൂറ്റാണ്ടാണിത്. സ്വന്തം ഇഷ്ടം അപരന്റെ സന്തോഷത്തിന് കാരണമാകണം എന്ന സത്യം തിരിച്ചറിയാത്ത കൗമാരപ്രായക്കാരുടെ കാലം .ബാല്യത്തിന്റെ ഓർമ്മകളും കളികളും അവസാനിച്ച് പുതിയ ഒരു ലോകത്തേക്ക് കാലെടുത്തു വയ്ക്കുകയാണ് യൗവനം.

കാരുണ്യത്തിന്റെ നീരുറവകൾ വറ്റിക്കൊണ്ടിരിക്കുന്ന ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്.പട്ടിണിയും മനുഷ്യനും തമ്മിൽ എച്ചിലിലയ്ക്കു-വേണ്ടി പോരടിക്കുന്നതു കണ്ട് അതിൽ ഹരംപൂണ്ട് ഫേയ്സ്- ബുക്കിൽ പോസ്റ്റ് ചെയ്ത് ലൈക്കുകളും കമന്റുകളും വാരിക്കൂട്ടുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്.അത്മഹത്യകളും കൊലകളും സർക്കസ്കാണുന്ന ലാഘവത്തോടെയാണ് കാണുന്നത്.ഇന്നിന്റെ സന്തോഷങ്ങൾ മറന്ന് നാളെയുടെ സുഖത്തിനായി അലയുന്ന യുവജനങ്ങളാണിന്ന്.

'അഭിമന്യു' എന്ന യുവാവ് കുടുംബത്തിന്റെ ഏക തുണയായ അവനെ ലോകത്തിൽ നിന്ന് പറഞ്ഞയച്ച് ഒരു വർഷമായപ്പോഴേക്കും അടുത്ത വ്യക്തിയെ കൊലപ്പെടുത്താനുള്ള ഒരുക്കങ്ങൾ തുടങ്ങി.അവന്റെ സ്ഥാനത്ത് ഞാൻ ആയിരുന്നു വെങ്കിൽ എന്ന് കുത്തിയവൻ ഒരു നിമിഷം ഓർത്തിരുന്നെങ്കിൽ അവന്റെ കൈയിൽ നിന്നും ആ കത്തി ഉയരില്ലായിരുന്നു.

മദ്യപാനത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് വീട്ടിലേക്ക് കയറിവരുമ്പോൾ,നിറഞ്ഞ കണ്ണുകളുമായി കാത്തുനിൽക്കുന്ന മാതാപിതാക്കന്മാർക്ക് ആരാണ് വിലനൽകുന്നത്.നൊന്തുപെറ്റ അമ്മയെ മറക്കുന്ന പുതു തലമു-

റയാണ്."അമ്മേ ഫോൺ എവിടെ,ഷർട്ട് എവിടെ,വാച്ച് എവിടെ,ഷൂ എവിടെ,ബുക്ക്എവിടെ "ഇങ്ങനെ അനേകായിരം ചോദ്യങ്ങൾ അമ്മയോട് ചോദിക്കുന്ന മകൻ,അച്ഛനോട് ചോദിക്കുന്ന ഏക ചോദ്യം അച്ഛാ അമ്മയെവിടെ? അവരുടെ ഇഷ്ടങ്ങളെ മറന്ന് മകൾക്കുവേണ്ടി അധ്വാനിക്കുന്ന മാതാപിതാക്കളെ പ്രായമാകുമ്പോൾ ഏതെങ്കിലും വൃദ്ധമന്ദിരത്തിലൊ റേയിൽവേ സ്റ്റേഷനിലോ ഇടുന്ന വൃത്തികെട്ട സമൂഹമാണിത്.

എല്ലാദിവസവും പത്രത്തിൽ ഉറപ്പായും ഉണ്ടാകുന്ന വാർത്തയാണ് ബൈക്കപകടത്തിൽ യുവാവ് മരിച്ചുഅല്ലെങ്കിൽ കുളത്തിൽ മുങ്ങിമരിച്ചു.യുവജനങ്ങൾ ഇങ്ങനെ മരിക്കാൻ കാരണമെന്ത്? വ്യക്തമായ ഉത്തരത്തിന് കുറച്ച് ബുദ്ധിമുട്ടുണ്ട്.പതിനെട്ടുവർഷം 'മോനേ,'മോളെ'എന്ന് വിളിച്ച മാതാപിതാക്കളെ വകവെയ്ക്കതെ ഏതോ സുപ്രഭാത്തിൽ കയറിവന്ന് മോളെ എന്ന് വിളിക്കുന്ന തമിഴന്റെ കുടെ ഇറങ്ങി പോകുന്ന യുവതികളും,എനിക്ക് നിന്നെ ഇഷ്ടമില്ല എന്ന് പറഞ്ഞ് തേച്ചിട്ട് പോകുന്ന പെണ്ണിനോട് 'പോ പുല്ലെ' എന്ന് പറയണ്ട സ്ഥാനത്ത് പെട്രോളും മണ്ണെണ്ണയും ആയി കാത്തിരിക്കുന്ന യുവാക്കളും എന്ന് സുബോധത്തിലേക്ക് വരും? തിരുത്താൻ അധികസമയമില്ല. സമയവും കാലവും ആരെയും കാത്ത്നില്ക്കാറില്ല കൗമാരക്കാലത്ത് മൊട്ടിടുന്ന പ്രണയം ഒരു പക്ഷേ ജീവിതാവസാനം വരെ കാണാം.എവറസ്റ്റിന് മുകളിലെത്തുക എന്നത് ബുദ്ധിമിട്ടാണ് അതുപോലെതന്നെയാണ് യുവജനങ്ങളുടെ കാര്യവും. നന്മയുടെ പാതയിലേക്ക് തിരിച്ചുവരാൻ അവർ ഒരുപാട് ദൂരം നടക്കേണ്ടിയിരിക്കുന്നു.

മാളവിക ബിനു
9E

# വിദ്യ

അക്ഷരതാളിന്റെ തിരുമുറ്റത്ത്
ഓർമയിൽ വിരലൊന്ന് മറയ്ക്കവെ
അറിയുന്നു വിദ്യതൻ മഹത്വം
നിനവായ് അറിവായ് മധുരസ്മരണയായ്
ചിതറിതെറിച്ച താളുകളിൽ
അക്ഷരം തന്നെ നിറഞ്ഞ സ്വപ്നം
ഓരോരോ നിനവും തിരക്കുമ്പോഴും
വിദ്യതൻ തംബുരു ഉണരുന്നു.
ചിരകാലനാദ തലോടലിൽ
വികൃതി തൻ ചങ്ങാതികൂട്ടത്തിലും
മൗനത്തിൻ ചിപ്പിതൻ മിഴിതുറന്ന്
പൊൻപുലരി തൻ ഹൃദയദേവിതൻ
മയങ്ങുന്ന വിദ്യതൻ മഹത്വം
വിരിയുന്ന ഇതളിന്റെ സൗരഭ്യം പോൽ
അറിവിന്റെ തിരിനാള ചൈതന്യം
തെളിയട്ടെ ഈ അക്ഷര തിരുമുറ്റത്ത്.

മാളവിക ബിനു
9E

# സങ്കടത്തിലാണ്ടുപോയ കുട്ടി

സുന്ദരപട്ടണം എന്ന അതിമനോഹരമായ ഗ്രാമത്തിൽ ഒരു കൊച്ചു വീടുണ്ടായിരുന്നു.ആ വീട്ടിൽ ഒരു കൊച്ചുകുട്ടിയും അവന്റെ അമ്മയും അച്ഛനും താമസിച്ചിരുന്നു.ആ വീട്ടിലെ കൊച്ചുകുട്ടിയുടെ പേര് അപ്പു എന്നായിരുന്നു.അവൻ ക്ലാസിൽ നന്നായി പഠിക്കുമായിരുന്നു.ടീച്ചർമാർക്കെല്ലാം അവനെക്കുറിച്ച് പറയാനെ നേരമുണ്ടായിരുന്നുള്ളു. ഒരു ദിവസം അപ്പു സ്കുൾ കഴിഞ്ഞ് വിട്ടിലെത്തിയപോൾ അപ്പുവിന് ഏറ്റവും ഇഷ്ടപ്പെട്ട ഒരു ആഹാരം അമ്മ അപ്പുവിന് വേണ്ടി അവിടെ ഉണ്ടാക്കിവെച്ചിട്ടുണ്ടായിരുന്നു.പിറ്റേദിവസം സ്കൂളിൽ നിന്ന് അവനൊരു ട്രോഫികിട്ടി.അത് അവന്റെ അമ്മയേയും കാണിക്കാൻ വീട്ടിലേക്ക് ഓടിവന്നു.അവൻ അവിടെ എത്തിയപ്പോൾ കണ്ടത് അച്ഛനും അമ്മയേയും അല്ല വീട്ടുമുറ്റത്തെ ഒരു വലിയ ജനക്കൂട്ടത്തേയാണ്. അവന്റെ അച്ഛനും അമ്മയും മരിച്ചിരിക്കുന്നു.പക്ഷെ അപ്പുവിന് അത് മനസിലായില്ല.അവൻ നോക്കുമ്പോൾ അവന്റെ മാതാപിതാക്കൾ കണ്ണടച്ച്കിടക്കുന്നു.

അവൻ അവരെ ട്രോഫികാണിച്ചുകൊണ്ടിരുന്നു.അവൻ അവരെ കുലുക്കി വിളിച്ചു.പിറ്റെ ദിവസം അവൻ ഒന്നും അറിയാതെ സ്കൂളിൽ പോയി.അവൻ ടീച്ചറോട് എല്ലാകാര്യങ്ങളും പറഞ്ഞു.അവന്റെ അമ്മ ഇനി ഒരിക്കലും എഴുന്നേൽക്കില്ല അവർ മരിച്ചു പോയെന്നേ കാര്യം അവനോട് പറഞ്ഞു.അത് കേട്ടപോൾ അവൻ സങ്കടത്തിൽ ആണ്ട് പോയി.

മാളവിക ബിനു
9E

# വിധിയുടെ വിളയാട്ടം

ക്ലോക്കിലെ മണി 7 അടിക്കുകയും അവളുടെ അച്ഛന്റെ വിളിയും ഒരു മിച്ചായിരുന്നു.തന്റെ അമ്മയുടെ സ്വപ്നത്തിൽ മുഴുകി കിടന്നിരുന്ന അവളുടെ മനസ്സിനെ അത് വല്ലാതെ വേദനിപ്പിച്ചു.തന്റെ ജനനത്തോടെ അകാലത്തിൽ മരണമടഞ്ഞ അമ്മയുടെ ഓർമ്മയ്ക്കായ് അവൾക്ക് സൂക്ഷിക്കാൻ യാതൊന്നുമേയില്ല.

ഒരു പഴകിയ ഓർമ്മ പോലുമില്ല.ചിറക് ഒടിഞ്ഞ സ്വപ്നത്തെപ്പോലെ ഇന്നു അവശേഷിക്കുകയാണ് അത്. തന്റെ ജനനത്തോടെ അമ്മ മരിച്ചതിനാൽ അമ്മ വീട്ടു കാർക്ക് അവളോട് വലിയ വിരോധമായിരുന്നു പലപ്പോഴും അവളെ പരിഹാസപാത്രമാക്കിയിട്ടുണ്ട് അവർ. എന്നാൽ അവളുടെ അച്ഛൻ അവളെ ജീവന് തു ല്യം സ്നേഹിക്കുകയും

പരിപാലിക്കുകയും ചെയ്തിരുന്നു.ചെറുപ്പം മുതൽ തന്നെ ഉള്ളിലൊതുക്കി നടന്ന അവളുടെ ചിറക് അറ്റ സ്വപ്നങ്ങളിൽ ഒന്നായിരുന്നു തന്റെ അമ്മയുടെ രൂപം ഒന്നു കാണാൻ പലപ്പോഴും തന്റെ ഈ ആഗ്രഹം അവൾഅച്ഛനോട്പ്രകടിപ്പിച്ചിരുന്നു.പക്ഷേ അച്ഛന് യാതൊന്നും ചെയ്യാനായില്ലഎന്നാൽ കാലചക്രം ഉരുളുന്നതിനനുസരിച്ച് അവൾ തന്റെ അമ്മയുടെ രൂപത്തിലേക്ക് തനിയെ മാറുകയായിരുന്നു അവൾ പോലും അറിയാതെ. ഒരു നാൾ തന്റെ ആ ആഗ്രഹം അച്ഛനോട്വീണ്ടും അവൾ പ്രകടിപ്പിച്ചപ്പോൾ അവളുടെ അച്ഛൻ അവളെ കൂട്ടിക്കൊണ്ട് പോയി.കണ്ണാടിയുടെ മു ൻപിൽ നിർത്തി പറഞ്ഞു ഇതാ നോക്ക് ഇതാണ് നിന്റെ അമ്മയുടെ രൂപം അത്ര കേട്ട നിമിഷം നിറകണ്ണുകളോടെ അവൾ തന്റെ അച്ഛനെ കെട്ടിപിടിച്ചു

മരിയ വിൽസൺ(9E)

# പൂക്കൾ

റോസാപ്പൂവേ   റോസാപ്പൂവേ   നീ ചിരിക്കും പൂവിതലം
ആർക്കുവേണ്ടി
മുല്ലപ്പൂവേ  മൂല്ലപ്പൂവേ നി വിടർത്തും മണമെല്ലാം
ആർക്കുവേണ്ടി
ചെമ്പരത്തിപ്പൂവേ  ചെമ്പരത്തിപ്പൂവേ നിചിരിക്കും
ചുവന്നനിറം  ആർക്കുവേണ്ടി
സൂര്യകാന്തിപ്പൂവേ സൂര്യകാന്തിപ്പൂവേ നിചിരിക്കും ഭംഗിയെല്ലാം
ആർക്കുവേണ്ടി
ചെത്തിപ്പൂവേ ചെത്തിപ്പൂവേ നി ചിരിക്കും തേനെല്ലാം
ആർക്കുവേണ്ടി
മല്ലിപ്പൂവേ  മല്ലിപ്പൂവേ നി ചിരിക്കും പൂവിതെല്ലാം
ആർക്കുവേണ്ടി.

by
മഹാലക്ഷ്മി
VI.B

# മൊഴി മലയാളം

എൻ മലയാളം
എൻ മധുര മലയാളം
ആയിരമായിര ഭാഷ
അതിൽ ജനം മൊഴിയുന്ന മലയാളം
എൻ മലയാളം, എൻ മധുര മലയാളം

കിളികളെ പാടുന്ന മലയാളം
അരുവിയിൽ ചിതറുന്ന മലയാളം
പവിഴമുത്തുമായി മലയാളം
എൻ മലയാളം എൻ മധുരമലയാളം.

കേരളനാടിന്റെ മലയാളം
എൻ ജന്മനാടിൻെറ മലയാളം
പൂവിതളായി മലയാളം
ഒരു ഉുമഴയായി മലയാളം
എൻ അമ്മ മലയാളം

by
രാഗിണി .കെ IX A

# പ്രണയത്തിൻ നൊമ്പരം

എൻ പ്രണയ വർണ്ണങ്ങൾ
ഒരു ളുമഴയായി
എൻ മധുരനൊമ്പരങ്ങൾ
ഒരു നനവായി
ഇതൾ വിരിയാതെ
ഒരു പൂമൊട്ടായി
അനുദിനം വളരുന്നു

എൻ സ്വപനത്തിൻ പൂവിതൾ
ഒരു ഗന്ധർവ നാദം മീട്ടുന്നു.
ഒരു യൗവന നാദം മിട്ടുന്നു
ഒരു ത്രിഭാവങ്ങളിൽ ഒരു
പുഴയായ്......
അലയുന്നു.....തിരയുന്നു

രാഗിണി
9A

# പെൺകിടാവിൻ അലർച്ച

*മാൻപേടകണ്ണുകൾക്കുടമയാം*
*പെൺകിടാവിൻ മേനിക്കുചുറ്റുമാ*
*കഴുകരാക്ഷസർ ചുറ്റിനടക്കുന്നു.*

*മാൻപേടയാം കണ്ണുകളിൽ ഭീതിയാം*
*കൂരിരുട്ടുനിറഞ്ഞിരുന്നു*
*ആ കഴുകനാം രാക്ഷസൻ*
*ആ പെൺകിടാവിൻ ജീവിതം*
*ഒരു തുണ്ടു കടലാസുപോൽ*
*കീറിമുറിച്ചു.*

*അവളിൻ കഠിനമാം*
*അലർച്ചകേട്ടു ചെന്നതോ*
*വീണ്ടുമൊരു കൂട്ടമാ രാക്ഷസർ*
*രക്ഷയ്ക്കായുള്ള അവളിൻ തേങ്ങൽ*
*നരഭോജികളോ കേട്ടതില്ല.*
*പിന്നയോ അവളിൻ ജീവിതം*
*ഒരു തുണ്ടുകടലാസുപോൽ*
*വെള്ളത്തിലലിഞ്ഞു തീർന്നു.*

*കണ്ണീരായ് ചുടുചോരയായ്*
*അലറുന്ന തേങ്ങലായ്*
*ഒരു തീരാ നഷ്ടവും.*

***സെൽന സാബു***
***IX-C***

# *മായാത്ത പൊൻത്തിരിനാളം*

സൂര്യനിൽ ചിതറിയ പളുങ്കുമണിയാണ് നീ,

പുഞ്ചിരി ചിതറിടും ഉൻമാദമാണ് നീ

അല്ലയോ, കാതലേ

***എനിക്കായി ജനിച്ച ഉഷസ്സല്ലോ നീ.***

_ **മഴ കരഞ്ഞിടും സമയം**

വിതുമ്പുന്ന ഇതളുകളായി

കാറ്റ് വീശിടും സമയം

ചിരിക്കുന്ന ചുണ്ടുകളായി

മാറ്റ് കൂട്ടുന്നല്ലോ നീ

ഒരു അനുരാഗദേവതയായി.

കാലത്തിൻ താഴ്വരയിൽ
വിരിഞ്ഞു നിൽക്കുമ്പോൾ
അണയുവാൻ സമയമായി
ഒരു വിഷുപക്ഷിയായി,
കാലത്തിൻ ഏടുകളിൽ
വിധിക്കപ്പെട്ട ഓർമകളായി.

എന്താണെന്നറിയാതെ വന്നണഞ്ഞു നീ
എങ്ങനെയെന്നറിയാതെ തിരിച്ചുപോയി നീ.
എങ്കിലും പ്രകാശിക്കും നീ
വിരിയുന്ന പൊൻതിരിവെട്ടങ്ങളായി
ഓരോ നിനവിലും ഓരോ ഇതളുകളായി.

**(ശ്വേത വേണുഗോപാൽ)**

# മാതൃസ്നേഹം

കാറ്റിനെ തഴുകുന്ന മഞ്ഞു
തുള്ളിയാണമ്മതൻ സ്നേഹം
വൃക്ഷത്തിൽ ഇടനെഞ്ചിൽ
പടരുന്ന വള്ളിപോലെയാണമ്മതൻ സ്നേഹം
സ്നേഹം പ്രകാശമായി ചൊരിയുന്ന തിങ്കളെ
പോലെയാണമ്മതൻ സ്നേഹം
മറുവാക്കു ചൊല്ലാൻ അക്ഷരമില്ലാത്ത
മഹത്ത്വമാണ് ഈ രണ്ടക്ഷരത്തിന്
ചൊല്ലാം അമ്മ ഇതാണ്
സർവ്വതും നേർവഴികാട്ടി നടത്തുന്നതും
ഊട്ടിയുറക്കി വളർത്തുന്നതും പകരം
വാക്കുകളില്ലാത്ത രണ്ടക്ഷരം
നൽകുന്ന മാതൃസ്നേഹം എന്ന മഹത് സ്നേഹം.

അമൃത.പി. എം
10 c

## ജാലകം



# കൊന്നപൂവ്

മഞ്ഞക്കതിർ കൊന്ന പൂത്തുവിടരുന്നു
പിച്ചകപൂക്കൾ നൃത്തം ചവിട്ടുന്നു
തുളസിക്കതിരുകൾ റാണിയായ് ഇന്നെന്റെ ............
അത്തക്കളത്തിൽ മഞ്ജുവായ് തീരുന്നു.
വന്നെത്തിയല്ലോ ചിത്തിര ചോതിയും
ചതുർത്തി ദോഷങ്ങൾ മറച്ചു വിശാഖവും
പൊന്നോലത്തുമ്പികൾ പാറിക്കളിക്കുന്ന നെൽ വയൽ
പാടവരമ്പിൻ കരകളിൽ
പൊൻനെയ്ത്തലാമ്പലും താമരപ്പൂവിലും
തേൻ നുകരാനെത്തും മധു ധൂളികളും
മാവേലി മന്നനെ വന്നെതിരേൽക്കാനായ്
പൊന്നിൻ തിരുവോണമൊരുങ്ങി ചമഞ്ഞെത്തി

**ആര്യ.എം.ജി** IX B

# ആസ്വാദനക്കുറിപ്പ്(വീണപൂവ്)

വീണപൂവ് എന്ന ഭാവനാത്മകമായ ഖണ്ഡകാവ്യ രചനയോടെയാണ് ആശാൻ മലയാളകാവ്യലോകത്ത് കടന്നുവന്നത്. 1907 ൽ മിതവാദിയിൽ പ്രസിദ്ധീകരിച്ചതിന്റെ പിറേറവർഷം ഭാഷാപോഷിണിയിലും അതേ കവിത പുനപ്രസിദ്ധീകരിച്ചു. “കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥ ദീർഘ മാലേറെയെങ്കിലുമതീവ മനോഭിരാമം"എന്ന കവിയുടെ വരികൾ തന്നെ അദ്ദേഹത്തിന്റ കാവ്യ ജീവിതത്തിന്റ രൂപരേഖയായികണക്കാക്കപ്പെടുന്നു. മഹാകാവ്യമെഴുതാതെയാണ് അദേഹം മഹാകവി എന്ന സ്ഥാനം നേടിയെടുത്തത് തന്നെ.തുടർന്ന് മലയാളത്തിലെ ഏക്കാലത്തേയും വിലപ്പെട്ടതെന്ന് അംഗീകരിക്കപ്പെട്ടഖണ്ഡകാവ്യങ്ങൾ ആശാന്റ തൂലികയിൽ നിന്ന് പുറത്തു വന്നുകൊണ്ടിരുന്നു. വീണപൂവ് അല്ലാതെ കുമാരനാ-ശാന്റ മററു കൃതികളാണ് ലീല, കരുണ, ദുരവസ്ഥ, ചിന്താവിഷ്ടയായ സീത, പ്രരോദനം,

അനന്യ മോൾ റെജി

# ചേച്ചി!

ഞങ്ങളവിടെ എത്തിയപ്പോൾ നേരം ഉച്ചയായിരുന്നു.ഏത്ര കാട്ടുമൂലയിലാണ് ഇവളുടെയീ കോളേജ്? നടന്നെത്തിയ ക്ഷീണത്തോടെ "Wi-Fi" പരതുന്നതിനിടയിൽ അൽപനേരത്തേക്ക് ഫോൺ മാറ്റിവെച്ച് അനു എന്നോട് ചോദിച്ചു. വാ നമുക്ക് ഉള്ളിലേക്ക് പോകാം കോളേജിന്റെ നടുമുറ്റത്തേക്ക് ഞങ്ങൾ കടന്നു.ദൂരെ നിന്നും ഞങ്ങൾ വരുന്നതും നോക്കി നിന്ന് മടുത്തിട്ടുണ്ടാവാം ,അതാവാം മുകളിലെ വരാന്തയിൽ അവളെ കണ്ടില്ല.ഒരു പക്ഷെ ഇന്ന് വരില്ലെന്ന് കരുതിയിരിക്കാം.ഞായറാഴ്ച അനുവിനെ കൂട്ടി ഇവളെ അങ്ങോട്ട് വിട്ടേക്കാം .വെള്ളിയാഴ്ചത്തെ 5 മിനിറ്റ് സംസാരത്തിനിടയിൽ അവളെ ആശ്വാസിപ്പിക്കാൻ അമ്മ എത്രയോ തവണ പറഞ്ഞിട്ടുണ്ട്.സഫലീകരിക്കാതെപോയ ആ കാത്തിരിപ്പിനൊടുവിൽ വെക്കേഷനു വന്ന അനുവിനെ കൂട്ടി ഞാൻ അവളെ കാണാനായി ഇവിടേക്ക് എത്തിയല്ലോ.. അനുമതി,പെട്ടെന്ന് മുകളിലെ നിലയിൽ

നിന്നും ഒരു ശബ്ദം അടുത്തു വരുന്നതായി തോന്നി ഞങ്ങൾ തിരിഞ്ഞു. ആ ശബ്ദത്തിന് വേഗതയേറി വന്നു. കാഴ്ചയിൽ തെളിഞ്ഞപ്പോൾ അവളുടെ പൊക്കം കുറഞ്ഞ ഓട്ടത്തെ ഞങ്ങൾ ചിരിച്ചുകോണ്ട് നേരിട്ടു. അടുക്കുന്തോറും അവൾ എന്തുകോണ്ടോ ആ കണ്ണുകൾ ഞങ്ങളെ ഉടൻ തിന്നുകളയുമെന്ന് ഞാൻ ഭയന്നു. ഞങ്ങൾക്കു നേരെ പേമാരിപോലെ ഓടിവന്ന അവളുടെ അഴിഞ്ഞ മുടിയും നിറഞ്ഞ കണ്ണുകളും എന്റെ ചിരിപൊടിഞ്ഞു മഴയായ് പെയ്തതുപോലെ! അവൾ അനുവിനെ കെട്ടിപ്പിടിച്ചു കരഞ്ഞുകൊണ്ടിരുന്നു.ഇടയ്ക്കിടെ എന്നെ നോക്കുന്നുണ്ട് വേഗത്തിൽ വന്ന് എന്നെ കെട്ടിപ്പിടിച്ചു കൊണ്ട് വീണ്ടും നോക്കി.

ആർച്ച

9e

ജാലകം




## ഭാഷകൾ

മലയാള ഭാഷ ഞാൻ പഠിച്ചു
മാതൃഭാഷ മറക്കാതിരിക്കാൻ.
ഇംഗ്ലീഷ് ഞാൻ പഠിച്ചു
വിദേശങ്ങളിലേക്ക് പറക്കാൻ.
ഹിന്ദി പഠിച്ചു ഞാൻ
രാഷ്ട്രം മറക്കാതിരിക്കാൻ.
ഓരോരോഭാഷകളിൽ കേട്ടു ഞാൻ
ഒരായിരം കഥകൾ.
അങ്ങനെ എത്രയെത്ര കഥകൾ പല-
ഭാഷകളിൽ, ഭാഷയല്ലതെ ഒന്നുമില്ല.
ഭാഷകൾ കേൾക്കുക,
ഭാഷകൾ അറിയുക.

അനുജ. പി.ആർ
X -C

# ജാലകം




VAISHNAV P
VIII :B Rol:27

# ശുഭം.......